## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3656

30.01.2014-ൽ മറുപടിക്ക്.

# ചാലക്കുടി പോലീസ് ക്വാർട്ടേഴ്സിലെ കുളത്തിന്റെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ചാലക്കുടി പോലീസ് ക്വാർട്ടേഴ്സ് വക സ്ഥലത്തുള്ള ജീർണ്ണാവസ്ഥയിലുള്ള കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തി ആരംഭിക്കുന്ന ഘട്ടത്തിൽ പോലീസ് വകുപ്പ് തടയുകയും നിർമ്മാണം മുടങ്ങിക്കിടക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഇതിനെതിരെ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | എ &ബി) ചാലക്കുടി പോലീസ് ക്വാർട്ടേഴ്സ് വക സ്ഥലത്തുള്ള കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പോലീസ് വകുപ്പ് തടയുകയോ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുടക്കം വരുത്തുകയോ ചെയ്തിട്ടില്ല. പൊതുജന താൽപര്യം മാനിച്ച് കുളം നവീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി അനുമതി നൽകിയിട്ടുള്ളതും ആയത് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ